VI റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രിക്കുവേണ്ടി ആഭ്യന്തരവും റിജിലൻസും റിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, കാര്യോപദേശക സമിതിയുടെ മൂപ്പത്തിയാറാമത് റിപ്പോർട്ട് ബഹുമാനപ്പെട്ട സഭാ നേതാവിനു വേണ്ടി ഞാൻ സമർപ്പിക്കുന്നു.

റിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, റിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ കേരള സാംസ്ക്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010-നെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, കൃഷിയും മൃഗസംരക്ഷണവും മൽസ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2010-ലെ കേരള വെറ്ററിനറിയും ജന്തു ശാസ്ത്രങ്ങളും സർവ്വകലാശാല ബില്ലിനേയും 2010-ലെ കേരള മൽസ്യ ബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബില്ലിനേയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളും സമർപ്പിക്കുന്നു.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, പൊതുമേഖലാസ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ തൊണ്ണൂറ്റിമൂന്ന് മുതൽ തൊണ്ണൂറ്റിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് : സർ, പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിമൂപ്പത്തിയൊന്ന് മുതൽ നൂറ്റിനാൽപ്പത് വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

ശ്രീ. സി. എം. ദിനേശ് മണി : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിയാറ് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VII റിപ്പോർട്ട് പരിഗണന

ശ്രീ. കെ. സി. ജോസഫ് : സർ, കാര്യോപദേശക സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് ആ കമ്മിറ്റിയുടെ സമഗ്രമായ പരിഗണനയ്ക്കു വേണ്ടി മടക്കിയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഈ റിപ്പോർട്ടിൽ പറയുന്നത് 27-ാം തീയതി ആദരണീയനായ കെ. കരുണാകരന്റെ റഫറൻസ് സമ്മേളനം നടത്തേണ്ടിവന്നതിനാൽ സഭയിൽ അന്നത്തെ ബിസിനസ്സ് നടത്താൻ സാധിച്ചില്ല. അന്ന് നിശ്ചയിച്ചിരുന്ന കേരള പോലീസ് ബില്ലിന്റെ പരിഗണന ജനുവരി മൂന്നിലേയ്ക്ക് മാറ്റി വച്ചിരിക്കുകയാണ് എന്നാണ്. ഇത് വളരെ അനൗചിത്യമാണ്. കാരണം, ഭരണഘടനയുടെ ആർട്ടിക്കിൾ 176(1)-ൽ Special address by the Governor എന്ന് പറഞ്ഞിട്ടുള്ള ഭാഗം ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

"At the commencement of the first session after each general election to the Legislative Assembly and at the commencement of the first session of each year, the Governor shall address the Legislative Assembly or, in the case of a State having Legislative Council, both Houses assembled together and inform the Legislature of the causes of its summons" എന്നാണ് പറഞ്ഞിട്ടുള്ളത്. വർഷാരംഭത്തിൽ ആദ്യം ചേരുന്ന സഭാ സമ്മേളനത്തിൽ ഗവർണ്ണർ സഭയെ അഭിസംബോധന ചെയ്യണമെന്നാണ് ഭരണഘടനയുടെ 176(1)-ാം ആർട്ടിക്കിൾ പറയുന്നത്. സാങ്കേതികമായി പറയുമായിരിക്കാം ഇത് പുതിയ സമ്മേളനമല്ല. അഡ്ജേൺ ചെയ്യാത്തതുകൊണ്ട് പഴയ സമ്മേളനത്തിന്റെ തുടർച്ചയാണെന്ന്. അത് സാങ്കേതിക വാദമാണ്. ആ ഒരു സാങ്കേതിക വാദത്തിന്റെ തലനാരിഴയിൽ പിടിച്ച് തൂങ്ങി ഗവൺമെന്റ് രക്ഷപ്പെടാൻ ശ്രമിക്കരുത്. ഇതുവരെയുള്ള കേരള നിയമസഭയുടെ പ്രീസിഡന്റ്സ് എടുത്ത് നോക്കിയാൽ വർഷാരംഭം ചേരുന്ന സമ്മേളനത്തിന്റെ ആദ്യ ദിവസം ഗവർണ്ണറുടെ പ്രസംഗമാണ് വച്ചിട്ടുള്ളത്. ഇവിടെ അത് മാറി കാണുന്നു.

മി. സ്പീക്കർ : ഇത് ബി.എ.സി.യിൽ ചർച്ച ചെയ്തതല്ലേ ?

ശ്രീ. കെ. സി. ജോസഫ് : സർ, ഇത് അനൗചിത്യമാണ്. രണ്ടാമത്തെ കാര്യം, ഇന്ന് അല്പം മുമ്പാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. എം. എ. ബേബി സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബില്ലിന്റെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. സഭയിൽ നിയമനിർമ്മാണത്തിനുള്ള പ്രാധാന്യം കുറയ്ക്കുകയാണ് ഗവൺമെന്റ്. ഇന്ന് മൂന്ന് മണിക്ക് മുമ്പ് ആ ബില്ലിന്റെ ക്ലോസ് ബൈ ക്ലോസിനുള്ള അമെന്റ്മെന്റ് കൊടുക്കണം. നേരത്തെ പറഞ്ഞതു പോലെ മെമ്പർമാർക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ല് വായിക്കാൻപോലും സമയം കൊടുക്കാതെ ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. 36-ഓളം ഓർഡിനൻസുകൾ പെന്റിംഗിലുണ്ട്. ആ നിലയ്ക്ക് ഇത്ര ധൃതിവച്ച് പോകേണ്ട ആവശ്യമില്ല. ഫെബ്രുവരിയിൽ അസംബ്ലി ചേരാൻ സാധിക്കുമല്ലോ. ഇത് മാറ്റിവച്ചാൽ മതിയായിരുന്നു. ഇങ്ങനെ സഭയെ അവഹേളിക്കരുത്. നിയമനിർമ്മാണത്തിന് കുറച്ചുകൂടി ഗൗരവതരമായ പരിഗണന കൊടുക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട ശ്രീ. കെ. സി. ജോസഫ് അംഗം മാത്രമല്ല, അദ്ദേഹം പാർലമെന്ററി പാർട്ടി സെക്രട്ടറി കൂടിയാണ്. ഇന്നലെ ബിസിനസ് സംബന്ധമായിട്ടുള്ള കാര്യത്തിൽ ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയപ്പോൾ ഭരണഘടന നമ്മുടെ രാജ്യത്തുള്ള കാര്യം അദ്ദേഹം ഓർമ്മിക്കാതെ പോയതിൽ എനിക്ക് ദു:ഖമുണ്ട്. അവിടെ ആലോചിച്ച് വന്നിട്ടുള്ള ഒരു കാര്യമാണ്. ആ ദിവസം പുതിയ വർഷത്തിന്റെയും ഭരണഘടനാപരമായ പ്രശ്നങ്ങൾ അല്ലാതെയുമുള്ള ബുദ്ധിമുട്ടുകൾ പറഞ്ഞു. രണ്ടാമത്, ഭരണഘടനാ വ്യവസ്ഥകൾ അനുസരിച്ച് ഒരു വർഷം ആദ്യം ചേരുന്ന സമ്മേളനത്തിൽ ആദ്യം ചെയ്യേണ്ട ഭരണഘടനാപരമായിട്ടുള്ള കാര്യം അതാണ്. അത് നമുക്ക് ഇവിടെ പ്രസക്തമായിട്ടുള്ള കാര്യമേയല്ല. സർക്കാരിന്റെ ഭാഗത്ത് നിന്നാണെങ്കിൽ ഇങ്ങനെയല്ല പറഞ്ഞത്. 30-നാണ് സഭ അവസാനിക്കുന്നത്. 27-ന് നമ്മൾ

LIBRARY ARCHIVES Kerala Legislative Assembly

പൊതുവായി ചരമോപചാരത്തിനുവേണ്ടി മാറ്റി വയ്ക്കേണ്ടിവന്നു. ആ 27-ാം തീയതിയിലെ ബിസിനസ് 31-ാം തീയതിയാക്കിയാൽ നമുക്ക് ഉച്ചയ്ക്ക് ഒരു ഇന്റർവെൽ രണ്ട് മണിക്കൂർ കൊടുത്ത് വീണ്ടും കൂടാൻ കഴിയുമോ എന്നുള്ളതും ചർച്ച ചെയ്തിരുന്നു. പിന്നെ പ്രായോഗികമായിട്ട് ഈ നിർദ്ദേശം പറഞ്ഞപ്പോൾ അതിനോട് യോജിച്ചു. സർക്കാർ ഇക്കാര്യത്തിൽ ഒരു തുറന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അല്ലാതെ വേറെ യാതൊരു സംഗതിയും വന്നിട്ടില്ല. വസ്തുതാപരമല്ലാത്ത ഒരുപാട് കാര്യങ്ങൾ അദ്ദേഹം പറഞ്ഞു. 36 ഓർഡിനൻസുകൾ ഇവിടെ ഉണ്ടെന്ന് പറഞ്ഞു. 36 ഓർഡിനൻസുകളില്ല, ഇരുപത്തിയാറേ ഉള്ളൂ. പത്തെണ്ണം അദ്ദേഹം കൂട്ടി പറഞ്ഞിരിക്കുകയാണ്. അങ്ങനെ വസ്തുതാപരമല്ലാത്ത കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞത്.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാനത് പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിജയകുമാർ : സർ, മറ്റ് യാതൊരു തടസ്സവും ഇതിൽ വന്നിട്ടില്ല. ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടിയാലോചിച്ച് പരമാവധി വിട്ടുവീഴ്ച ചെയ്തുകൊണ്ടുള്ള കാര്യങ്ങൾ തന്നെയാണ്. ഇതല്ലാതെ വേറെ മാർഗ്ഗമില്ലാത്തതുകൊണ്ട് സംഭവിച്ചുപോയതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, ഇതിപ്പോൾ ആദരണീയനായ കെ. കരുണാകരന്റെ നിര്യാണംമൂലം വന്നുചേർന്ന ഒരു പ്രതിസന്ധി മറികടക്കാൻ നമ്മൾ എടുക്കേണ്ടിവന്ന ഒരു തീരുമാനമാണ്. ഭരണഘടനാ പ്രതിസന്ധിയൊന്നും ഇല്ലായെന്ന് ബഹുമാനപ്പെട്ട പരിണതപ്രജ്ഞനായിട്ടുള്ള കെ. സി. ജോസഫിന് അറിയാവുന്ന കാര്യം തന്നെയാണ്. ഇത് ഡിസംബർ മാസത്തിൽ ആരംഭിച്ച സമ്മേളനമാണ്. ജനുവരി ആദ്യമാണ് നമ്മൾ ചേരുന്നതെങ്കിൽ സ്വാഭാവികമായിട്ടും ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞതുപോലെയാണ് നടപടിക്രമങ്ങൾ ചെയ്യേണ്ടത്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ നീട്ടേണ്ടി വന്നതാണ്. ഞങ്ങൾ തന്നെ ഒരു നിർദ്ദേശം വച്ചു 31-ാം തീയതി വെള്ളിയാഴ്ച നമുക്ക് എടുക്കാം. കമ്മിറ്റിയിൽ വന്ന പൊതു അഭിപ്രായം വെള്ളിയാഴ്ച ഉച്ചയ്ക്ക് ശേഷം ഇരിക്കുന്നത് പ്രയാസമാണെന്നൊക്കെ പറഞ്ഞപ്പോൾ, എന്നാൽ പിന്നെ എന്താണ് വഴിയെന്ന് ചോദിച്ചപ്പോൾ, അറിടെ വന്ന ഒരു നിർദ്ദേശ പ്രകാരമാണ് നമ്മൾ മൂന്നാം തീയതി ഇരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതുകൊണ്ട് എല്ലാവരുംകൂടി സഹകരിച്ചുകൊണ്ട് പോവീസ് ബിൽ പാസ്സാക്കിയേ മതിയാവുകയുള്ളൂ. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു കഴിഞ്ഞു, ഭേദഗതികളൊക്കെ വന്നുകഴിഞ്ഞു. ഇന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സമർപ്പിച്ച ബില്ലിനെ സംബന്ധിച്ച് സമയം പോരെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കർ കുറച്ചുകൂടി സമയം അതിന് അനുവദിച്ചുകൊടുത്തുകൊണ്ട് നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സഹായിക്കണമെന്നാണ് ബഹുമാനപ്പെട്ട ചെയറിനോട് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ : ഭേദഗതികൾ കൊടുക്കുന്നതിന് അഞ്ച് മണിവരെ സമയം നീട്ടി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : സർ, ഗവൺമെന്റിന് അത്യാവശ്യം വേണ്ട നിയമങ്ങൾ പാസ്സാക്കുന്നതിന് സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. പ്രത്യേകിച്ച് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ കെ. കരുണാകരന്റെ നിര്യാണംമൂലം നമുക്ക് ഒരു ദിവസം നഷ്ടപ്പെട്ടതിന് ആ നിയമം അടുത്ത സെഷനിലേക്ക് മാറ്റി വയ്ക്കാമോ എന്ന് ചോദിച്ചപ്പോൾ ഇപ്പോൾത്തന്നെ പാസ്സാക്കണമെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ കൂടി അത് അംഗീകരിച്ചു. പക്ഷെ ഇങ്ങനെ വരുന്ന അവസരത്തിൽ പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ട് ഒരു തീരുമാനം എടുക്കുന്നതായിരുന്നു മെച്ചം. ഞങ്ങൾ ആകെ പറഞ്ഞ ഒരു സംഗതി ഈ ബിൽ നാളെ എടുത്തിട്ട് 29-നുള്ള ബിസിനസ് 3-ാം തീയതിയിലേക്ക് ആക്കണം എന്ന നിർദ്ദേശം വച്ചു. പക്ഷെ അപ്പോൾ പാർലമെന്ററി കാര്യ വകുപ്പുമന്ത്രി 31-ാം തീയതി എന്നു പറഞ്ഞു. 31-ാം തീയതി വേണ്ട എന്നു ഞങ്ങൾ പറഞ്ഞു. അന്ന് വെള്ളിയാഴ്ചയായതുകൊണ്ട് മാത്രമല്ല ശിവഗിരി തീർത്ഥാടനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ദിവസമാണ്. അന്ന് അസംബ്ലി ഇല്ലെന്ന് ഓർത്തുകൊണ്ട് മന്ത്രിമാരും പരിപാടി ഏറ്റിട്ടുണ്ട്, ഞങ്ങളും പരിപാടി ഏറ്റിട്ടുണ്ട്. നേരത്തെതന്നെ നിയമസഭയുണ്ടായിരുന്നുവെങ്കിൽ നമുക്ക് അങ്ങനെ പരിപാടി വരുമായിരുന്നില്ല. പക്ഷെ നിയമസഭ ഇല്ല എന്നുള്ളതിന്റെ പേരിൽ 31-ാം തീയതി മന്ത്രിമാരും ഞാനും അടക്കമുള്ള പ്രതിപക്ഷത്തു നിന്നുള്ളവരും ഈ പരിപാടി ഏറ്റുപോയി. അതുകൊണ്ടാണ് 31-ാം തീയതി പറ്റില്ലെന്ന് പറഞ്ഞത്. അങ്ങനെ വന്നപ്പോൾ ഇങ്ങനെ ഒരു അഡ്ജസ്റ്റുമെന്റ് ചെയ്തിരുന്നെങ്കിൽ ബുദ്ധിമുട്ട് വരുമായിരുന്നില്ല. ഇതുപോലുള്ള അവസരത്തിൽ പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിൽ എടുത്തുകൊണ്ട് തീരുമാനങ്ങൾ എടുക്കുന്നതായിരുന്നു ഉചിതം. കാരണം പോലീസ് ബിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ്. അത് ചർച്ച ചെയ്യുന്നത് നിയമസഭയ്ക്ക് ഇടയ്ക്ക് തന്നെയാണെങ്കിൽ എല്ലാവർക്കും പങ്കെടുക്കാൻ അവസരം കിട്ടുമെന്നുള്ളതിന്റെ പേരിലാണ് മാറ്റം വേണമെന്ന് ആവശ്യപ്പെട്ടത്. 3-ാം തീയതി നിയമസഭ കാണില്ലെന്ന് വിചാരിച്ച് ചിലരൊക്കെ പരിപാടികൾ ഏറ്റിട്ടുണ്ട്. അവർക്ക് മൂന്നാം തീയതി വരാൻ സാധിക്കില്ല. അതുകൊണ്ടാണ് ഒരു പ്രധാനപ്പെട്ട നിയമം എന്നതിന്റെ പേരിൽ ഇത് 29-ാം തീയതി എടുത്തിട്ട് 29-ാം തീയതിയുടെ ബിസിനസ് 3-ാം തീയതി എടുക്കുക എന്നു പറഞ്ഞത്. ആ നിർദ്ദേശം വീണ്ടും ഞാൻ അവതരിപ്പിക്കുകയാണ്. ആ ഭേദഗതിയോടുകൂടി ഇത് പാസ്സാക്കിയാൽ ഞങ്ങൾ പൂർണ്ണമായും സഹകരിക്കും ; ഒരു പ്രശ്നവുമില്ല. പക്ഷെ 31-ന് ഒരു അസൗകര്യവും 3-ാം തീയതി വേറൊരു അസൗകര്യവും ഉണ്ട്. 3-ാം തീയതി സഭ ഇല്ലെന്നുള്ള പ്രതീക്ഷയിൽ പലരും പല പരിപാടികളും ഏറ്റു പോയി. ഞാൻ ഉണ്ടാകും. 3-ാം തീയതി ഞാൻ മദ്രാസിൽ പോകാൻ ഇരിക്കുകയായിരുന്നു. പരിപാടി ക്യാൻസൽ ചെയ്ത് ഞാനിവിടെ ഉണ്ടാകും. പക്ഷെ മറ്റ് ചിലർക്ക് മാറ്റി വയ്ക്കാൻ പറ്റാത്ത ചില പരിപാടികളുണ്ടായി. അതുകൊണ്ട് നിയമനിർമ്മാണം നടത്തണമെന്ന് നിങ്ങൾ ആഗ്രഹിക്കുമ്പോൾ, പ്രതിപക്ഷം സഹകരിക്കണം എന്ന് നിങ്ങൾ ആഗ്രഹിക്കുമ്പോൾ ഞങ്ങൾക്കും ശരിയായിട്ട് സഹകരിക്കാൻ അവസരം തരണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വിജയകുമാർ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞു ഡേറ്റുകളുടെ കാര്യത്തിൽ പ്രശ്നമില്ല ബിസിനസ്സുകളുടെ കാര്യത്തിലാണ് എതിർപ്പുള്ളതെന്ന്. ബിസിനസ്സിന്റെ കാര്യത്തിൽ അങ്ങനെ ഒരു കാര്യമുണ്ടോ ? എനിക്ക് തോന്നുന്നില്ല. കാരണം 29-ാം തീയതിയുടെ ബിസിനസ് എന്നുംപറയുന്നത് നിയമനിർമ്മാണവും അപ്രോപ്രിയേഷൻ ബില്ലുമാണ്.

മി. സ്പീക്കർ : മൂന്ന് ബില്ലുകളുണ്ട്.

ശ്രീ. എം. വിജയകുമാർ : സർ, മൂന്നു ബില്ലുകളും അപ്രോപ്രിയേഷൻ ബില്ലുമാണ് വരുന്നത്. ആ 29-ന്റെ ബിസിനസ് എടുത്ത് 3-ാം തീയതിയിലേക്ക് വയ്ക്കുക, എന്നിട്ട് പോലീസ് ബിൽ 29-ലേക്ക് വയ്ക്കുക എന്നുപറഞ്ഞാൽ പോലീസ് ബിൽ അവസാനത്തെ ദിവസം എടുക്കുകയും മറ്റ് മൂന്ന് ബില്ലുകൾ 29-ന് എടുക്കുകയും ചെയ്യുന്നതാണ് കൂടുതൽ അഭികാമ്യം. അത് ചർച്ച ചെയ്തതാണ്. അതാണ് വീണ്ടും ഇവിടെ ആവർത്തിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, പോലീസ് ബില്ലിന്റെ കാര്യത്തിൽ എല്ലാ നടപടികളും പൂർത്തീകരിച്ചതാണ്. എല്ലാ അമന്റ്മെന്റ്സും കിട്ടിക്കഴിഞ്ഞു. അത് എടുക്കാൻ ഒരു തടസ്സവുമില്ല. പാർലമെന്ററികാര്യ വകുപ്പുമന്ത്രി മുൻ സ്പീക്കറായിരുന്ന ആളാണ്. അദ്ദേഹത്തിന്റെ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് പ്രയാസമുണ്ടാക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇനിയിപ്പോൾ ഇന്നലെ തീരുമാനിച്ചതുപോലെ നടത്തുന്നതായിരിക്കും നല്ലത്. പ്രതിപക്ഷ നേതാവ് എല്ലാം അഡ്ജസ്റ്റ് ചെയ്തു കഴിഞ്ഞു. 3-ാം തീയതിയിലെ പരിപാടി തന്നെ അദ്ദേഹം മാറ്റി വച്ചു. ഇതിനനുസരിച്ച് അഡ്ജസ്റ്റ് ചെയ്ത് പോകാമെന്നാണ് തോന്നുന്നത്.

ശ്രീ. ഉമ്മൻചാണ്ടി : സർ, നാളത്തെ ബിസിനസ് 3-ാം തീയതിയിലേക്ക് ആക്കിയാലും ഞാൻ ആ പരിപാടി മാറ്റും. കാരണം അന്ന് നിയമസഭ ഉണ്ടെന്നുള്ളതുകൊണ്ട്.

മി. സ്പീക്കർ : ഒരു പ്രത്യേക സാഹചര്യത്തിലാണ് ഈ തീരുമാനം മാറ്റേണ്ടി വന്നത്. അത് എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. ഉമ്മൻചാണ്ടി: സർ, സഹകരിക്കുന്ന കാര്യത്തിൽ ഒരു വ്യത്യാസവും ഇല്ല. ഇങ്ങനെ ഒരു അഡ്ജസ്റ്റുമെന്റ് ചെയ്താൽ എല്ലാവർക്കും പോലീസ് ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കാൻ അവസരം കിട്ടും. പിന്നെ ഗവൺമെന്റ് തീരുമാനിച്ചോളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, മൂന്നാം തീയതി ആണെന്ന് കണക്കാക്കി ബഹുമാനപ്പെട്ട സ്പീക്കർ തന്നെ അമന്റ്മെന്റ് കൊടുക്കാനുള്ള സമയം നീട്ടി. 30-ാം തീയതി വരെ വച്ച് കൊടുത്ത് ബുള്ളറ്റിൻ ഇറക്കിക്കഴിഞ്ഞു. .....(ബഹളം)..... കൂടുതൽ അമന്റ്മെന്റ് ഇല്ലെങ്കിൽ നമുക്ക് സന്തോഷം മാത്രമേയുള്ളൂ. ഏതായാലും ഇന്നലെ ഈ തീരുമാനങ്ങളൊക്കെ എടുത്ത സമിതിക്ക് അതിൽ മാറ്റം വരുത്തേണ്ട ആവശ്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ ഒരു കാര്യം, പ്രതിപക്ഷവും കൂടി ചേർന്ന് ഇതിൽ സഹകരിക്കാനുള്ള കുറേ അഡ്ജസ്റ്റ്മെന്റ് വേണമെന്നാണ്. ഭാവിയിൽ അക്കാര്യം ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. സി. ജോസഫ് : ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു ; റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

VIII ധനകാര്യം

2010–2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 22,50,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,08,73,000 രൂപയുടെ ഉപധാനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ. ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,23,000 രൂപയുടെയും സാമൂഹിക വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 42,79,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം എക്സൈസും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly